


**എഴുത്തുമൂല**

### ഓർമ പുതുക്കൽ

*ആരാമം* കാമ്പസ് പതിപ്പ് വായിച്ചപ്പോൾ രണ്ടു വർഷം മുമ്പ് പടിയിറങ്ങിപ്പോന്ന എന്റെ കലാലയമാണ് ഓർമ വന്നത്. ശങ്കരാചാര്യരുടെ പാദസ്പർശമേറ്റ കാലടിയിലെ ഒരു ഒഴിഞ്ഞ പ്രദേശത്തായി തണൽ വിരിയിച്ച് ഞാവലിന്റെ സുഗന്ധവുമായി ഞങ്ങളുടെ കലാലയം. പ്രൊഫഷണൽ കോളേജിന്റെ മോടിപിടിപ്പിക്കലിനായി സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഈ കലാലയത്തിന്റെ പ്രവേശന കവാടം തീർത്തും എതിർദിശയിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. ചൂടുള്ള സമരവിപ്ലവഗാനങ്ങളും കുടിൽകെട്ടി നിരാഹാരം എന്ന പേരിലുള്ള വയർനിറക്കൽ സമരങ്ങളും ഇടക്കെപ്പൊഴോ പേടിപ്പെടുത്തുന്ന തമ്മിലടിയും തുടർന്ന് പോലീസ് സംരക്ഷണയിൽ ക്ലാസ് മുറികളിൽ അധ്യാപകർക്കായുള്ള കാത്തിരിപ്പും ഒരിക്കലും പങ്കെടുക്കാതിരുന്ന സെമിനാറുകളും ഇതൾ വിരിയാറായ സ്വപ്നങ്ങളെ താലോലിച്ച് പ്രണയ സൗഹൃദങ്ങൾ ഒത്തുചേരുന്ന ലവേഴ്സ് കോർണറും ക്ലാസ് ടെസ്റ്റുകളിൽ നിന്ന് അഭയം തേടുന്ന ലൈബ്രറിയും എല്ലാം ഒരു തുടിപ്പായി മനസ്സിലൂടെ കടന്നുപോയി. ചില പ്രത്യേക വിഭാഗങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നൽകുന്നത് കൊണ്ടാകാം അവിടെ ഞാൻ കണ്ട മുഖങ്ങളിൽ ജീവിതത്തിന്റെ യാഥാർഥ്യം വിളിച്ചോതുന്നുണ്ടായിരുന്നു. വർണശലഭങ്ങളായി പറന്നുയരേണ്ട ആ മധുരിക്കുന്ന പ്രായത്തിലും അവർ ജീവിതത്തെ ഉൾക്കൊണ്ടിരിക്കണം. അനുഭവങ്ങളും യാഥാർഥ്യങ്ങളുമാണല്ലോ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നത്.

**സൽമ ജഅ്ഫർ**
**അൽകോബാർ**

### കിനാലൂർ

ബീവാത്തു ഇപ്പോഴും
അടുക്കളയിൽ പത്തിരി
ചുടുകയാണെന്ന്
ആരും വിചാരിച്ചിരിക്കണ്ട.
ഓൾക്കുമറിയാം,
ഇപ്പം ഇത്തിരി
മുദ്രാവാക്യം വിളി.
ലാത്തിചാർജ്ജും
ഇപ്പോ ഓൾക്ക് പുത്തരിയില്ല.

**റോസ്**

### സ്ത്രീയോട് അനീതി കാണിച്ചത് ദൈവമല്ല

ഇണകളായ യുവമിഥുനങ്ങൾ കൈകോർത്ത് ഉല്ലസിച്ച് വഴിയിലൂടെ നടന്നുപോകുന്നത് കണ്ട ദൈവത്തിന്റെ മാലാഖമാർ അവർക്ക് വേണ്ടി പ്രാർഥിക്കുമെന്നും ഇത്തരം ഇണകളെ കണ്ടാൽ അവരുടെ ദാമ്പത്യനന്മയ്ക്കായ് പ്രാർഥിക്കണമെന്നും പ്രവാചകൻ തന്റെ അനുയായികളോട് നിർദ്ദേശിച്ചത് ഇസ്‌ലാമിക ചരിത്രത്തിൽ കാണാം.

'സദാചാരം എന്റെ കാഴ്ചപ്പാടിൽ' എന്ന ചർച്ചയിൽ, ആരും സ്ത്രീയോട് നീതി കാണിക്കാൻ പറയുന്നില്ല, ദൈവം പോലും എന്ന ദീദി ദാമോദരന്റെ വാക്കുകൾ ദൈവിക മതമെന്ന ഇസ്‌ലാമിന്റെ ഈ പൊരുളിനോട് തീർത്തും വിപരീതമാണ്. ആശയങ്ങൾ കൈമാറാൻ ഇത്തരം ചർച്ചകൾ ഇനിയും പ്രതീക്ഷിക്കുന്നു.

**സുമറ കണ്ണൂർ**

### സ്ത്രീധനമെന്ന പുഴുക്കുത്ത്

പണമായും സ്ഥലമായും ആഡംബരവസ്തുക്കളായും കഴിവുള്ളവർ തങ്ങളുടെ പെൺമക്കളുടെ വിവാഹവേളയിൽ നൽകുന്ന സ്ത്രീധനം ഇന്ന് സമൂഹത്തിന്റെ പുഴുക്കുത്തായി മാറിയിരിക്കുകയാണ്. കൊലപാതങ്ങളും മറ്റു കുറ്റകൃത്യങ്ങളും ഇതിന്റെ പേരിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നു. വിദ്യാസമ്പന്നയായ ജോലിയുള്ള സ്ത്രീക്കുപോലും സ്ത്രീധനത്തിൽനിന്ന് ഒഴിഞ്ഞുമാറാനാവുന്നില്ല. നിയമമങ്ങളൊന്നും ഫലപ്രാപ്തിയിലെത്തുന്നില്ല. സമുദായ, മതസംഘടനകൾ വഴി സമൂഹത്തെ ബോധവൽകരിക്കുകയാണെങ്കിൽ ഇതിന് ക്രമേണ പരിഹാരം കാണാൻ കഴിയും. സ്ത്രീധന, ആർഭാടവിവാഹങ്ങൾ ബഹിഷ്കരിക്കാൻ നമ്മൾ തയ്യാറാകണം.

**ആർ.എം ഇബ്രാഹിം**
**വെളുത്തൂർ, തൃശ്ശൂർ**

### സമ്മേളന പതിപ്പ് അഭിനന്ദനങ്ങൾ

*ആരാമം* കേരള വനിതാ സമ്മേളന പതിപ്പ് വായിച്ചു. കെട്ടുംമട്ടും ഉള്ളടക്കവുമെല്ലാം ഉഗ്രനായിട്ടുണ്ട്. പിന്നിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ. സ്വഫാ സമ്മേളനത്തിന്റെ ഓർമകൾ എന്നും അയവിറക്കാനുതകുന്ന ഈടുറ്റ, ചിന്തോദ്ദീപകമായ മുതൽക്കൂട്ടാണി

ത്. സ്ത്രീക്ക് സമൂഹത്തിന്റെ പരിവർത്തനത്തിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിയുമെന്ന് സ്വഫാ സമ്മേളനം തെളിയിച്ചു. വനിതാമാസികക്ക് കേരളത്തിൽ തുടക്കം കുറിച്ച *ആരാമം* വനിതാസമ്മേളനത്തിന്റെ തുടക്കത്തിനും ഒരു നാഴികക്കല്ലാണ്. കാത്തിരിക്കാം നമുക്ക്. വനിതാമാസികകളുടെ അതിപ്രസരം പോലെ സമ്മേളനങ്ങളുടെയും അതിപ്രസരങ്ങൾക്കായി.

**അബൂ അൻഹൽ**
**ചെറുകുളമ്പ്, മലപ്പുറം**

## ആരാമം സ്പോൺസർ ചെയ്യണം

*ആരാമം* മെയ്‌ലക്കം മുഖചിത്രം ശ്രദ്ധേയമായി. മുഖമൊഴിയിൽ അമീർ സൂചിപ്പിച്ചതുപോലെ മലയാളത്തിലെ വനിതാപ്രസിദ്ധീകരണങ്ങളിലെ വേറിട്ടതും ഈടുറ്റതുമായ പ്രസിദ്ധീകരണമായതിനാൽ *ആരാമ*ത്തിന്റെ വരിക്കാരുടെ എണ്ണം വർധിപ്പിക്കുകതന്നെ വേണം. അതിനുവേണ്ടി ഈ കാമ്പയിൻകാലത്ത് ബന്ധുമിത്രാദികൾക്ക് *ആരാമം* സ്പോൺസർ ചെയ്യുന്ന സ്കീം നടപ്പാക്കേണ്ടതായിരുന്നു.

നോർമലോ സിസേറിയനോ എന്ന ലേഖനം വിജ്ഞാനപ്രദമായി. 'സദാചാരം എന്റെ കാഴ്ചപ്പാടിൽ' എന്ന ചർച്ചയിൽ പ്രസിദ്ധരുടെ വീക്ഷണങ്ങൾ തയ്യാറാക്കിയത് അഭിനന്ദനമർഹിക്കുന്നു. 'ഖുർആൻ പാരായണത്തിന്റെ ശ്രുതിമാധുര്യവുമായി' എന്ന ലേഖനത്തിലൂടെ പരിചയപ്പെടുത്തിയ ഹബീബ മേച്ചേരി ഓത്തുപഠിതാക്കൾക്ക് മാതൃക തന്നെ.

ശൈഖ് മുഹമ്മദ് കാരകുന്നിന്റെ 'ഗ്രാമ്യജീവിതത്തിന്റെ മിടിപ്പുകളും തുടിപ്പുകളും' എന്ന അനുഭവക്കുറിപ്പിൽ വൈക്കം മുഹമ്മദ് ബഷീറിനെ അനുസ്മരിച്ചത് അവസരോചിതമായി. ലേഖനത്തിന്റെ അവസാനം 'തിരിഞ്ഞുനോക്കുമ്പോൾ നഷ്ടബോധമില്ലെങ്കിലും മനസ്സിൽ എവിടെയോ പോറലേൽപിക്കുന്ന നൊമ്പരം' എന്ന് വായിച്ചപ്പോൾ എന്തിനാണീ നൊമ്പരം എന്ന് ചിന്തിച്ചു. കാരണം ആ ലേഖനത്തിൽതന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്, 'തീഷ്ണമായ അനുഭവമുള്ളവരിൽ നിന്നാണല്ലോ ഉൽകൃഷ്ടവും ഈടുറ്റതുമായ സർഗസൃഷ്ടികളും ഉണ്ടാവുക'. കൃഷിയിലെ മാറ്റങ്ങളും പകൽ പന്നിനായാട്ടും രാത്രി മുയൽനായാട്ടും പന്തുകളിയും നാടൻ പരിപാടികളും അനുസ്മരിച്ചത് തലവാചകമെന്നപോലെ നന്നായി.

**ആബിദ ഷാജഹാന്**
**തൃശൂർ**

## അച്ചടി പിശക്

*ആരാമം* നാളുകൾ കഴിയുന്തോറും മികച്ച നിലവാരം പുലർത്തുന്ന ഒരു വനിതാമാസികയാണ്. മുത്തശ്ശിപ്പത്രങ്ങളുടെ വനിതാ മാസികകൾ സ്ത്രീകളെ ഭൗതിക പ്രമത്തരും അഹങ്കാരികളും ആക്കിത്തീർക്കുമ്പോൾ *ആരാമം* വായന ഉന്നത നിലവാരം വളർത്തിയെടുക്കുന്നതിന് ഉപകരിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ലക്കം ഒന്നിലെ ഉമ്മു മസാകീൻ എന്ന ലേഖനത്തിൽ മഹതിയെ ആദ്യം വിവാഹം ചെയ്തത് തുഫൈൽ ഇബ്നു ഹാരിസാണെന്നും വിവാഹമോചന ശേഷം തുഫൈൽ ഇബ്നുഹാരിസിനെ വിവാഹം ചെയ്തു എന്നും എഴുതിയത് പിശക് പറ്റിയതാണെന്ന് സംശയിക്കുന്നു.

**കുഞ്ഞബ്ദുള്ള കോറോത്ത്**

*(പിശക് സംഭവിച്ചതിൽ ഖേദിക്കുന്നു. മഹതിയെ രണ്ടാമത് വിവാഹം ചെയ്തത് ഉബൈദ് ഇബ്നു ഹാരിസ് ആണ്- എഡിറ്റർ)*

## കുറ്റം മൊബൈൽ കാമറക്കോ?

സാങ്കേതികരംഗങ്ങളിലെ വിപ്ലവകരമായ കുതിച്ചുചാട്ടത്തിന്റെ കാലത്ത് ഇന്റർനെറ്റിന്റെയും മൊബൈൽഫോണുകളുടെയും വ്യാപനത്തെ നിയന്ത്രിക്കുക സാധ്യമല്ല. അവ തീർത്തും അപകടകാരികളാണെന്ന് പറഞ്ഞ് തള്ളിക്കളയാനും നമുക്കാവില്ല. ബാത്റൂമുകളിൽ മൊബൈൽ കാമറ ഘടിപ്പിക്കുന്നതും ഇന്റർനെറ്റിലൂടെ അശ്ലീല ഫോട്ടോകൾ പ്രചരിപ്പിക്കുന്നതും കൗമാരത്തിന്റെ ചാപല്യങ്ങൾ മുതലെടുത്ത് പെൺകുട്ടികളെ വഴി തെറ്റിക്കുന്നതും ഉപകരണങ്ങളുടെ ചെയ്തികളാണോ? ഇതേ ഉപകരണങ്ങൾ തന്നെയാണ് പല ആൾദൈവങ്ങളുടെ തനിനിറം പുറത്തുകൊണ്ടുവന്നതും രാഷ്ട്രീയ നേതാക്കളുടെ അഴിമതിയുടെ സംഭാഷണങ്ങൾ ചോർത്തിയതും. അതുകൊണ്ട് സാങ്കേതിക ഉപകരണങ്ങളല്ല, അവ എത്തിപ്പെടുന്ന കൈകളാണ് പ്രശ്നം. ആ കൈകളുടെ പ്രവർത്തനങ്ങൾ നേരായ മാർഗത്തിലാക്കുന്നത് വ്യക്തികളുടെ മനസ്സിലെ ധാർമിക മൂല്യങ്ങളാണ്. അതിനുവേണ്ടത് ശരിയിലേക്കുള്ള വഴി നടത്തലാണ്.

**സഹ്‌ല നെച്ചിയിൽ**
**അത്താണിക്കൽ**

## പെറ്റമ്മയോടുള്ള ക്രൂരത

മാതാപിതാക്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷമാണ് അവരുടെ മക്കളുടെ നന്മ. അതിനുവേണ്ടി എന്തു ത്യാഗവും കഷ്ടപ്പാടും സഹിക്കാൻ തയ്യാറാണവർ. ഗർഭിണികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ചില്ലറയല്ല. ഗർഭത്തോടുകൂടി അത് അവസാനിക്കുന്നുമില്ല. മുലയൂട്ടുക, ഭക്ഷണം കൊടുക്കുക, കുളിപ്പിക്കുക, രോഗമായാൽ

ശുശ്രൂഷിക്കുക എല്ലാം മാതാവ് തന്നെ. കുഞ്ഞ് മലമൂത്രവിസർജ്ജനം നടത്തുന്നത് മാതാവിന്റെ ദേഹത്ത് തന്നെയാണ്. അത് അവർക്കൊരിക്കലും പ്രയാസം സൃഷ്ടിക്കുന്നില്ല.

വിവാഹത്തിനുമുമ്പ് ഇതിനോടൊക്കെ അറപ്പുണ്ടായിരുന്നവൾ പോലും മാതാവായതിനുശേഷം യാതൊരു മടിയും കൂടാതെ ഇതെല്ലാം ചെയ്യുന്നു. എത്രതന്നെ വിശപ്പുണ്ടായാലും മക്കൾ കഴിച്ചതിനുശേഷമേ മാതാക്കൾ കഴിക്കുകയുള്ളൂ. മക്കളെ പോറ്റാൻ വേണ്ടി ആരോഗ്യം മറന്ന് വെയിലത്തും മഴയത്തും കഷ്ടപ്പെടുന്നു. മക്കൾ നല്ലനിലയിലെത്തിക്കാണാൻ ആഗ്രഹിക്കാത്ത മാതാക്കൾ ഉണ്ടാകില്ല. എന്നാൽ മക്കൾ വളർന്ന് വലുതായി നല്ലനിലയിലെത്തുമ്പോഴേക്കും അവർക്ക് വാർധ്യക്യമായിട്ടുണ്ടാകും. ആരോഗ്യം നശിച്ച് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ് പല മാതാക്കളും. ഈ ഘട്ടത്തിൽ മക്കളുടെ സാമീപ്യവും സ്നേഹവുമാണ് അവർക്കാവശ്യം. അവർ പ്രതീക്ഷിക്കുന്നതും അതു തന്നെയാണ്.

പക്ഷേ, നല്ല ജോലി ലഭിച്ച്, വിവാഹിതരായിക്കഴിഞ്ഞാൽ പലർക്കും മാതാപിതാക്കൾ ഭാരമാവുകയാണ്. മാതാക്കളുടെ അവസ്ഥയാണ് ഏറ ദയനീയം. ഒരു കൂട്ടർ അവരെ വൃദ്ധസദനങ്ങളിലേക്കാണ് അയക്കാറെങ്കിൽ മറ്റു ചിലർ വീടിന്റെ ഒരു മൂലയിൽ മിണ്ടാനോ അഭിപ്രായങ്ങൾ പറയാനോ അവകാശമില്ലാത്തവരായി മാതാക്കളെ ഇരുത്തും. ഇനിയും വേറൊരു കൂട്ടർ യാതൊരു ദയയുമില്ലാതെ റോഡിലേക്ക് വലിച്ചെറിയും. മക്കൾ ഒന്നിൽ കൂടുതലുള്ളവർക്കാണ് പലപ്പോഴും ഈ ദുർഗതി. എനിക്കു മാത്രമല്ല നോക്കേണ്ട ബാധ്യത എന്ന് പറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും ഇട്ട് പന്താടും. ഇങ്ങനെ വലിച്ചെറിഞ്ഞ ഒരുപാട് വൃദ്ധ മാതാപിതാക്കളെ നമ്മുടെ പത്രത്താളുകളിൽ കണ്ടു. മകന്റെ വീടിന്റെ സിറ്റൗട്ടിൽ ദിവസം മുഴുവൻ ഭക്ഷണവും വെള്ളവുമില്ലാതെ തളർന്നുവീണ ആലുവ സ്വദേശിയായ തൊണ്ണൂറുകാരി ഖദീജ അവരിലൊരാളാണ്. 'കാരുണ്യത്തിന്റെ ചിറക് നീ അവർക്ക് താഴ്ത്തിക്കൊടുക്കേണമേ' എന്ന് പറയാൻ പഠിപ്പിച്ച മതത്തിന്റെ അനുയായികളാണ് ഇത്തരം ക്രൂരതകൾ ചെയ്യുന്നത്. അല്ലാഹുവിനോടുള്ള അനുസരണത്തിനുശേഷം നന്മ ചെയ്യാൻ കൽപിക്കപ്പെട്ടത് മാതാപിതാക്കളോടാണെന്ന് നാം പ്രത്യേകം ഓർക്കണം.

**സലീന ജമാലുദ്ദീൻ**
**പാലേരി**

## സ്ത്രീ സമത്വപാതയിലേക്ക്

ആധുനിക സ്ത്രീകൾ ഏറെ പുരോഗമിച്ചവരാണ്. അവരുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ ബോധം അവർക്കുണ്ട്. പല കാര്യങ്ങൾക്കും അവൾ പ്രാപ്തയാണെന്ന് തെളിയിച്ചുകൊണ്ടേയിരിക്കുന്നു. എന്നിരുന്നാലും പൂർണാർത്ഥത്തിൽ അവർഹിക്കുന്ന സ്ഥാനം ലഭിച്ചുവോ എന്ന പരിശോധിക്കണം.

പുരുഷന്മാരിൽ നിന്ന് തികച്ചും വ്യത്യസ്തമായൊരു ജീവിത രീതിയാണ് മതം സ്ത്രീക്ക് നിഷ്കർഷിക്കുന്നത്. സ്ത്രീയുടെ ഏറ്റവും വലിയ മേന്മ ഒരമ്മയാകാൻ സാധിക്കുന്നു എന്നതാണ്. അതിലുപരി ഒരു കുടുംബത്തിന്റെ രക്ഷകയും, കാവൽക്കാരിയുമാണ്. അടുക്കളയുടെ ചുമരുകൾക്കുള്ളിൽ തളക്കേണ്ടവരാണ് സ്ത്രീകൾ എന്നായിരുന്നു പഴമയുടെ സങ്കൽപം.

കുടുംബത്തിൽ സ്ഥായിയായ സ്ഥാനം പുരുഷനാണ്. എങ്കിലും ഒരു കുടുംബം പ്രധാനമായും ആശ്രയിക്കുന്നത് സ്ത്രീ എന്ന വ്യക്തിത്വത്തെയാണ്. ഇന്നത്തെ സാമ്പത്തിക ശാസ്ത്രപ്രകാരം എല്ലാ ജോലികൾക്കും പ്രതിഫലം നൽകുന്നു.ഇതേ തരത്തിൽ ഇതേ സാമ്പത്തിക വിദഗ്ധർ വീട്ടമ്മയുടെ പ്രതിഫലം നിശ്ചയിക്കാൻ ഇറങ്ങിയാൽ മുട്ടുമടക്കേണ്ടി വരും. യഥാർത്ഥത്തിൽ വീട്ടമ്മയുടെ മിടുക്കാണ് ആ കുടുംബത്തിന്റ വിജയരഹസ്യം.

കമ്പോളത്തിലിറങ്ങി നടക്കുകയാണെങ്കിൽ സ്ത്രീകളുടെ പങ്കാളിത്തമില്ലാതെ ഒരു വ്യാപാരവും നടക്കുന്നില്ല. വിൽപന വസ്തുക്കളുടെ നിർമാണം മുതൽ പരസ്യങ്ങളിൽ വരെ സ്ത്രീകളുടെ സാന്നിധ്യമുണ്ടാകും. പക്ഷേ സമൂഹം സ്ത്രീയെ ഒരു വിൽപ്പന ചരക്കായി മാത്രം കാണുന്നു. ഉപഭോക്താക്കളുടെ ലോലവികാരത്തെ മുതലെടുക്കാൻ സ്ത്രീയെ ഉപയോഗിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നിർമാണ മേഖലയിലടക്കം സ്ത്രീകളുടെ വൻസാന്നിധ്യ മുണ്ട്. എന്നാൽ അതൊന്നും കാണാതെ പുരുഷന്റെ അടിവസ്ത്രത്തിനു പരസ്യം നിൽക്കാൻ മാത്രമുള്ളവളായി അവളെ ചിത്രീകരിക്കുന്നു.

വിദ്യാഭ്യാസപരമായും സ്ത്രീ ഏറെ പുരോഗതി പ്രാപിച്ചിരിക്കുന്നു. അതുതന്നെയാണ് സ്ത്രീകളുടെ വളർച്ച സാധ്യമാക്കിയതും. ഇത് നാം തിരിച്ചറിയണം. ഇന്ന് സ്ത്രീയെ വിദ്യാഭ്യാസം നേടുന്നതിൽ ആരും വിലക്കുന്നില്ല. അതുകൊണ്ട് കേവല വിദ്യാഭ്യാസത്തിലൊതുക്കാതെ ഉന്നതമായ ലക്ഷ്യത്തോടെ വിദ്യനേടി സമൂഹത്തിലേക്കിറങ്ങാൻ സ്ത്രീ തയ്യാറാകണം. പുരുഷന്മാരെപോലെ തന്നെ വെല്ലുവിളി ഏറ്റെടുക്കാനുള്ള മനക്കരുത്തും ചങ്കുറപ്പും സ്ത്രീയും ആർജ്ജിച്ചെടുക്കണം.

**മുസ്ഫിറ ശമീർബാബു**
**കൊടുവള്ളി**